**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1272 — 30.01.2018-ൽ മറുപടിക്ക്

## നടുവിൽ ഗവൺമെന്റ് പോളിടെക്നിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) നടുവിൽ ഗവൺമെന്റ് പോളിടെക്നിക്ക് വരുന്ന അദ്ധ്യയന വർഷമെങ്കിലും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;<br><br>(ബി) എ ഐ സി ടി ഇ മാനദണ്ഡ പ്രകാരം പോളിടെക്നിക്കിന് ആവശ്യമായ സ്ഥലം ടെക്നിക്കൽ ഹൈസ്കൂളിന് നീക്കിവച്ച സ്ഥലത്തിൽ നിന്നും ഉടമാവകാശം കൈമാറാൻ മുൻ യു ഡി എഫ് ഗവൺമെന്റ് കൈക്കൊണ്ട തീരുമാനം നടപ്പിലായോ ;<br><br>(സി) ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ ? | (എ), (ബി) & (സി) നടുവിൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ കൈവശമുള്ള 7.4 ഏക്കറിൽ നിന്നും 5 ഏക്കർ ഭൂമി നടുവിൽ പോളിടെക്നിക്കിനു വേണ്ടി കൈമാറാൻ 16.3.2016 തീയതിയിലെ മന്ത്രിസഭാ യോഗം ഐറ്റം നം. 8766 പ്രകാരം തീരുമാനം എടുത്തിരുന്നെങ്കിലും ഇലക്ഷൻ പ്രക്രിയ കഴിയുന്നതു വരെ കാത്തിരിക്കാൻ ഇലക്ഷൻ കമ്മീഷൻ ഉത്തരവാകുക യാണുണ്ടായത്.<br><br>തുടർന്ന് കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്തെ മന്ത്രിസഭാ തീരുമാനങ്ങൾ പരിശോധിക്കാൻ രൂപീകരിച്ച മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനക്ക് ഈ വിഷയം സമർപ്പിച്ചിരുന്നു.<br><br>16.3.2016 ലെ 8766 -)0 നമ്പർ മന്ത്രിസഭാ തീരുമാനം ഉപസമിതി പുന: പരിശോധിക്കാൻ ശിപാർശ ചെയ്ത ഉത്തരവുകളുടെ ഗണത്തിൽ ഉൾപ്പെടാത്തതാണ്.<br><br>നടുവിൽ ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിന്റെ വസ്തുവിൽ നിന്നും 5 ഏക്കർ സ്ഥലം നടുവിൽ ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിനു വേണ്ടി കൈമാറാൻ |

തീരുമാനിച്ചിരുന്നുവെങ്കിലും സ്ഥലം ഏറ്റെടുത്ത് നല്കേണ്ട നടപടിക്രമങ്ങൾ ഇനിയും പൂർത്തീകരിച്ചിട്ടില്ല.

പോളിടെക്നിക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും ചെയ്തിരുന്നില്ല. ഈ നടപടിക്രമങ്ങൾ പൂർത്തിയായ ശേഷം എ.ഐ.സി.റ്റി.ഇ. യുടെ അംഗീകാരം കൂടി ലഭിച്ചാൽ മാത്രമേ നടുവിൽ ഗവൺമെന്റ് പോളിടെക്നിക്ക് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ